# ‘ജയജീവിതത്തിനു ദൈവീകശക്തി’

## സങ്കീർത്തനങ്ങൾ 92:10

എങ്കിലും എന്റെ കൊമ്പു നീ കാട്ടുപോത്തിന്റെ കൊമ്പു പോലെ ഉയർത്തും; പുതിയ എണ്ണ എന്നെ തേപ്പിക്കുന്നു.

‘കാട്ടുപോത്തിന്റെ കൊമ്പ്’, ‘പുതിയ എണ്ണ’ രണ്ടു കാര്യങ്ങളാണ് ഈ വാക്യത്തിലുടെയുള്ള ദൈവീക വാഗ്ദത്തം. കാട്ടുപോത്തിന്റെ കൊമ്പ് എന്നു പറയുമ്പോൾ അത് ഭയങ്കരമായ ശക്തിയെ കാണിക്കുന്നു. ‘പുതിയ എണ്ണ’ പരിശുദ്ധാത്മാവിന്റെ പുതുബലം, ആത്മാവാം ദൈവത്തിന്റെ സാന്നിദ്ധ്യം, ഉൻമേഷം, ശക്തി ഇവ സദാ ഒരു ദൈവപൈതലിന്റെ കൂടെയുണ്ട് എന്നു സാരം.

ജീവിതത്തിന്റെ വിവിധ സാഹചര്യങ്ങളിലൂടെ നാം കടന്നു പോകുമ്പോൾ വചനം ബലമാകണമെങ്കിൽ തീർച്ചയായും അത് അനുഭവിക്കുകയും ഉപയോഗിക്കുകയും ചെയ്തേ മതിയാകൂ. ഇവിടെ കാണുന്നതായ കാട്ടുപോത്ത് എന്ന മൃഗത്തെ അതിന്റെ ഉയർന്നു നിൽക്കുന്നതായ കൊമ്പുകൾ ആണ് മറ്റു ജീവികളിൽനിന്ന് വ്യത്യസ്തനാക്കുന്നത്. ഉയർന്നും, പൊങ്ങിയും നിൽക്കുന്ന കൊമ്പുകൾ കൊണ്ട് തന്നിലും ബലവാനായ സിംഹത്തെപ്പോലും കീഴടക്കാൻ കഴിയുന്നു. കൊമ്പുകൾ ഇല്ലെങ്കിൽ കാട്ടുപോത്തിന്റെ ശക്തിയും ശൂന്യം.

ഇതു തന്നെയാണ് ഒരു ദൈവപൈതലിന്റെയും അവസ്ഥ. തന്റെ മക്കളെ വഴി നടത്തുവാനും, അവനോട് എതിർക്കുന്ന സകല ദുഷ്ടശക്തികളെയും പരാജയപ്പെടുത്തുവാനും ആത്മശക്തികൊണ്ട് നിറച്ചിരിക്കുകയാണ്. അത് ഉന്നതമായതാണ്. മുട്ടോളവും അരയോളവും കൊണ്ട് നിൽക്കുന്നതല്ല, നീന്തി തുടിക്കാൻ കഴിയുന്ന പുതുശക്തി. ഓരോരുത്തനും വേണ്ടുന്നത് അതിന്റെ ഉന്നതിയിൽ അഥവാ ഏറ്റം പാരമ്യത്തിൽ തന്ന് നിലനിർത്തുന്നതാണ് നമ്മുടെ ധൈര്യം.

ദിനംതോറും ഒരു തിരിഞ്ഞുനോട്ടം നമ്മിൽതന്നെ നടത്തേണ്ടതാണ്. ദൈവത്തിന്റെ വരദാനമായ ശക്തിയിൽ ബലം പ്രാപിക്കാൻ കഴിയുന്നുണ്ടോ എന്ന ചോദ്യം ഓരോരുത്തനും വ്യക്തിപരമായി ചോദിക്കേണ്ടിയിരിക്കുന്നു. അതേ അത് പുതിയതായിരുന്നു. പുതുമയേറിയതാകുന്നു. ഇന്നത്തെ ശക്തിപോരാ. നാളത്തെ വെല്ലുവിളികളെ നേരിയാൻ. ഹൃദയങ്ങളെ അറിഞ്ഞ്, കനിവോടെ ചൊരിയുന്ന ദൈവം എത്ര സ്നേഹവാനാകുന്നു.

ദൈവശക്തിയുടെ അതിരുകളിൽനിന്ന് നമ്മേത്തന്നെ മാറ്റി നിർത്തിയാൽ തീർച്ചയായും പരാജയം തന്നെ ഫലം. കർത്താവിന്റെ കൈയ്യിൽനിന്നും, രാവിലെ തോറും അണിയിക്കാനിരിക്കുന്ന പുതുദയ പ്രാപിക്കാൻ ഒന്ന് എല്പിച്ചു കൊടുക്കാമോ. ദിവസത്തിന്റെ വിവിധങ്ങളായ നാഴികയിലൂടെ കടന്നുപോകുമ്പോൾ ഒരു പക്ഷേ അത് കുടുംബത്തിലാകാം, ജോലി സംബന്ധമായിട്ടാകാം, തീരുമാനങ്ങൾ ആകാം, ശോധനകൾ, വേദനകൾ, കഷ്ടങ്ങൾ അങ്ങനെ എന്തുമാവട്ടെ. കർത്താവിൽ ഒരു ജയജീവിതം വേണോ. അവന്റെ ശക്തി കൂടിയേ തീരൂ. അത് അതിരുകളില്ലാതെ തരാമെന്ന വാഗ്ദത്തമാണ് ഇന്നത്തെ തിരുവചനം സംസാരിക്കുന്നത്.

ദൈവികശക്തിയെ തുച്ഛീകരിക്കാതെ ഉന്നതവും പുതിയതും ഉന്മേഷവും ബലവും പ്രദാനം ചെയ്യുന്ന ആത്മശക്തിയിൽ ആശ്രയിക്കാൻ ഇടയാകട്ടെ. എന്നിൽ വസിക്കുന്ന ഈ ശക്തിയാൽ പടക്കൂട്ടത്തിന്റെ നേരെ പാഞ്ഞു ചെല്ലുവാനും, മതിൽ ചാടി കടക്കുവാനും സാധിക്കും എന്ന പ്രത്യാശയോടെ ജീവിതം മുന്നോട്ടു പോകാൻ ഇടയാകട്ടെ. ഉയർന്നു നിൽക്കുന്ന കൊമ്പുകൾ കണ്ട് എത്ര ബലവാനായ ശത്രു ആണെങ്കിലും പിന്തിരിഞ്ഞു തോൽവിയോടെ ഓടിപ്പോകൻ ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കാം.

പരാമർശം :
യെശയ്യാവു 47:31

എങ്കിലും യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും; അവർ കഴുകന്മാരെപ്പോലെ ചിറകു അടിച്ചു കയറും; അവർ തളർന്നു പോകാതെ ഓടുകയും ക്ഷീണിച്ചു പോകാതെ നടക്കുകയും ചെയ്യും.

സിസ്റ്റർ ബിന്ദു റെജി അയ്മനം 012